പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 645 — 30.07.2015-ൽ മറുപടിയ്ക്ക്

## പുറത്തുനിന്നുള്ള വൈദ്യുതി ലഭ്യത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി :<br>ശ്രീ. എ. കെ. ശശീന്ദ്രൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) പുറത്ത് നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ ലഭ്യതയിൽ ഉണ്ടാകുന്ന കുറവാണ് വൈദ്യുതി ബോർഡ് നേരിടുന്ന പ്രധാന പ്രശ്നമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനാവശ്യമായ ആഭ്യന്തര ഉല്പാദനശേഷി ഇല്ല എന്നുള്ളതാണ് സംസ്ഥാന വൈദ്യുതി ബോർഡ് നേരിടുന്ന പ്രധാന പ്രതിസന്ധി. നിലവിലുള്ള ആഭ്യന്തര ഉല്പാദനശേഷിയും കേന്ദ്ര വൈദ്യുതി വിഹിതവും ചേർന്നാലും നമ്മുടെ പീക്ക് ആവശ്യകത നേരിടുന്നതിന് പര്യാപ്തമാകുകയില്ല. അതിനാൽ പുറത്തുനിന്നുള്ള വൈദ്യുതി എത്തിക്കേണ്ടതായി വരുന്നു. എന്നാൽ പ്രസരണ ശൃംഖലയുടെ പ്രധാനമായും അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുടെ ലഭ്യതക്കുറവ് മൂലം പലപ്പോഴും ആവശ്യമായ അളവിൽ വൈദ്യുതി ലഭ്യമാകാറില്ല. |
| (ബി) മൂന്നുവർഷത്തേക്ക് 400 മെഗാവാട്ട് വൈദ്യുതി പുറത്ത് നിന്ന് കൊണ്ടുവരുന്നതിനായി വൈദ്യുതി ബോർഡ് പവർഗ്രിഡ് കോർപ്പറേഷന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും തക്കസമയത്ത് തുടർ നടപടി സ്വീകരിക്കാതിരുന്നതിനാൽ പവർഗ്രിഡ് കോർപ്പറേഷൻ അപേക്ഷ പരിഗണിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് ഉത്തരവാദി ആരാണെന്ന് വെളിപ്പെടുത്താമോ ;<br><br>(സി) പവർഗ്രിഡ് കോർപ്പറേഷന്റെ നയം മാറ്റവും കെ. എസ്. ഇ. ബി. യുടെ അനാസ്ഥയും ബോർഡിലെ ആസൂത്രണ വിഭാഗത്തിന്റെ കാര്യക്ഷമതയില്ലായ്മയും മൂലമാണ് പ്രസ്തുത അപേക്ഷ പരിഗണിക്കപ്പെടാതിരുന്നതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ബി) & (സി) | 400 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനായി NVVN ലിമിറ്റഡ്, PTC ഇന്ത്യ ലിമിറ്റഡ് എന്നീ വ്യാപാരികളുമായി വൈദ്യുതി ബോർഡ് ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം ആവശ്യമുള്ള പ്രസരണ ഇടനാഴി അനുവദിക്കുന്നതിനുള്ള അപേക്ഷ NVVN ഉം PTC യും പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിനു (PGCIL) മുമ്പാകെ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് 2013 ഓഗസ്റ്റ് മാസം 8 - ാം തീയതി PGCIL പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം NVVN നു കേരളത്തിലേയ്ക്ക് 3 മെഗാവാട്ട് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള അനുമതി മാത്രമാണ് ലഭിച്ചത്. പി.റ്റി.സി. യ്ക്ക് പ്രസരണ ഇടനാഴി അനുവദിക്കപ്പെട്ടതുമില്ല. എന്നാൽ സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (CERC) പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായി PGCIL കൈക്കൊണ്ട തീരുമാനങ്ങൾക്കെതിരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് CERC മുമ്പാകെ ഹർജി ഫയൽ ചെയ്യുകയും, ബോർഡിനു അനുകൂലമായി വിധി നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം PTC യ്ക്ക് 100 മെഗാവാട്ടും, NVVN നു |

297 മെഗാവാട്ടം വൈദ്യുതി കേരളത്തിൽ എത്തിക്കുന്നതിനുള്ള പ്രസരണ ഇടനാഴി അനുവദിച്ചു കൊണ്ട് PGCIL ഉത്തരവിറക്കിയിട്ടുണ്ട്. പ്രസരണ ലൈൻ ഉറപ്പാക്കുന്നതിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഭാഗത്തു നിന്നും അനാസ്ഥയൊന്നും ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ.